# യു.എൽ.സി.സി.എസ് ഫൗണ്ടേഷൻ
# വാഗ്ഭടാനന്ദ എജ്യു പ്രോജക്ട്

ULCCS FOUNDATION
Empower you, to be the real you.

ULCCS Ltd.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സാമൂഹ്യസേവന പദ്ധതിയായ യു.എൽ.സി.സി.എസ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 2010 മുതൽ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സംരഭമാണ് വാഗ്ഭടാനന്ദ എജ്യു പ്രോജക്ട്. കോഴിക്കോട് ജില്ല കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പ്രോജക്ടിന്റെ കീഴിൽ 8 പ്രാദേശികകേന്ദ്രങ്ങളുണ്ട്. വിവിധ സന്നദ്ധകൂട്ടായ്മകളാണ് ഒരോ കേന്ദ്രത്തിലും ഈ പ്രവർത്തനത്തിനു നേതൃത്വം നൽകുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്ക് പാഠ്യമേഖലയിലും, പാഠ്യാനുബന്ധമേഖലകളിലും നൂതനമായ അനുഭവങ്ങൾ ആർജ്ജിക്കാൻ അവസരങ്ങൾ ഒരുക്കുക എന്നതാണ് പ്രോജക്ടിന്റെ പ്രഥമമായ ലക്ഷ്യം. ഒപ്പം വിവിധ മത്സരപരീക്ഷകൾക്ക് അവരെ തയ്യാറാക്കുക എന്നതും. ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രഗത്ഭരായ അധ്യാപകരും, ശാസ്ത്രജ്ഞരും തികച്ചും സൗജന്യമായി ക്ലാസുകൾ നൽകുന്നുണ്ട്. അതിനൊപ്പം തന്നെ ക്യാമ്പുകൾ, പഠനയാത്രകൾ, പഠനഗവേഷണസ്ഥാപനങ്ങൾ സന്ദർശിക്കൽ തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങളും നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്ക് ഐ.എസ്.ആർ.ഒ., നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ, റീജണൽ സയൻസ് സെന്റർ, മലബാർ ബോട്ടാണിക്കൽ ഗാർഡൻ, കലിക്കറ്റ് യൂണിവേഴ്സിറ്റി മുതലായ പ്രശസ്ത സ്ഥാപനങ്ങളുടെ അക്കാദമിക സഹായം ലഭിക്കുന്നുണ്ട്.

ജില്ലയിലെ പൊതുവിദ്യാലയങ്ങളിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന മുപ്പത് കുട്ടികളെയാണ് ഓരോ പ്രാദേശികകേന്ദ്രത്തിലും ഒരു വർഷം തെരഞ്ഞെടുക്കുക. മത്സരപരീക്ഷയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. തൊണ്ണൂറ് മിനിറ്റ് ദൈർഘ്യമുള്ള പരീക്ഷയിൽ ഏഴാം ക്ലാസിലെ സിലബസ് അടിസ്ഥാനമാക്കിയുള്ള ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾക്കൊപ്പം മാനസികശേഷി പരിശോധിക്കാനുള്ള ചോദ്യങ്ങളുമുണ്ടാകും. ഒബ്ജക്ടീവ് മാതൃകയിലുള്ള അറുപത് ചോദ്യങ്ങളാണ് ആകെ ഉണ്ടാവുക. ഓരോ ശരിയുത്തരത്തിനും നാലു മാർക്കു വീതം ലഭിക്കും. തെറ്റായി രേഖപ്പെടുത്തിയ ഓരോ ഉത്തരത്തിനും ഒരു നെഗറ്റീവ് മാർക്കുമുണ്ടാകും.

ഓരോ കേന്ദ്രത്തിലും പരീക്ഷ എഴുതുന്നവരിൽ നിന്നു ഏറ്റവും ഉയർന്ന സ്കോർ നേടുന്ന മുപ്പത് കുട്ടികളെയാണ് ആ കേന്ദ്രത്തിലേക്ക് തെരഞ്ഞെടുക്കുക. 2024 ജൂൺ 30 ഞായറാഴ്ച 10:30 മുതൽ 12:00 മണി വരെ ചുവടെ കൊടുത്ത കേന്ദ്രങ്ങളിൽ വെച്ച് പരീക്ഷ നടക്കും. പരീക്ഷയിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾ https://www.ulvep.in എന്ന വെബ് സൈറ്റിൽ 26-06-2024 നു വൈകുന്നേരം അഞ്ചു മണിക്കു മുൻപായി ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത് അഡ്മിഷൻ ടിക്കറ്റിന്റെ പ്രിന്റൗട്ട് എടുത്ത് പരീക്ഷയ്ക്കു വരുമ്പോൾ കൊണ്ടു വരണം. തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

| പ്രാദേശിക കേന്ദ്രം | മൊബൈൽ | പരീക്ഷാകേന്ദ്രം |
|---|---|---|
| **ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ, മടപ്പള്ളി** | **94465 76003** | **ജി.വി.എച്ച്.എസ്.എസ് മടപ്പള്ളി** |
| **നവോദയ കലാവേദി, മേപ്പയിൽ** | **93494 76047** | **മേപ്പയിൽ ഈസ്റ്റ് എസ്.ബി സ്കൂൾ** |
| **ചേതന കലാസാംസ്കാരിക വേദി, വട്ടോളി** | **99466 28011** | **സംസ്കൃതം ഹൈസ്കൂൾ, വട്ടോളി** |
| **സി -ഗേറ്റ് കുറ്റ്യാടി** | **95627 34732** | **ഐഡിയൽ പബ്ലിക് സ്കൂൾ, കുറ്റ്യാടി** |
| **പേരാമ്പ്ര HSS റിട്ടയർഡ് സ്റ്റാഫ് അസോസിയേഷൻ** | **98468 17255** | **പേരാമ്പ്ര എച്ച്.എസ്.എസ്** |
| **ടാലന്റ് ബാങ്ക്, കൊയിലാണ്ടി** | **62354 84429** | **ജി.എച്ച്.എസ്.എസ്. കൊയിലാണ്ടി** |
| **ജനനന്മ റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി, ഉണ്ണികുളം** | **95396 51437** | **ജി.യു.പി.എസ് ഉണ്ണികുളം** |
| **വാഗ്ഭടാനന്ദ ട്രസ്റ്റ്, കാരപ്പറമ്പ്** | **79076 54819** | **വാഗ്ഭടാനന്ദമന്ദിരം, കാരപ്പരമ്പ്** |

പ്രാദേശികകേന്ദ്രങ്ങളിൽ ഒരു വർഷം പൂർത്തിയാക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കാണ് അടുത്ത വർഷം മുതൽ യു.എൽ.സ്പേസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളിലും, ഐ.ഐ.ടി ഫൗണ്ടേഷൻ ട്രെയിനിംഗിലും അതു പോലുള്ള മറ്റു പരിപാടികളിലും പങ്കെടുക്കാൻ അവസരം ലഭിക്കുക.

**സോമൻ ടി.കെ**
കോർഡിനേറ്റർ. ഫോൺ: 9495891701

**ദാമോദരൻ ടി**
ജില്ലാ കോർഡിനേറ്റർ. ഫോൺ: 9447885780